

SCHOOL ACADEMIC-
MASTER PLAN-2025-2026
SMMALP
SCHOOL

# PROFILE

| | | |
|---|---|---|
| Name of school | : | SMMALP SCHOOL PANDIKKAD |
| Date of Establishment | : | 1964 |
| Name of Village | : | PANDIKKAD |
| Name of cluster | : | PANDIKKAD |
| Name of Panchayath | : | PANDIKKAD |
| Name of Block | : | WANDOOR |
| Name of BRC | : | MANJERI |
| Name of District | : | MALAPPURAM |
| Name of subdistrict | : | MANJERI |
| Name of HM | : | SUDHA. AK |
| Mobile Number | : | 9495671620 |
| Email Id | : | smmalpspandikkad@gmail.com |
| School code | : | 18546 |
| Name of Taluk | : | ERANAD |

S.M. MEMORIAL A.L.P SCHOOL ★ PANDIKKAD ★
No:..................
Date:..................

SUDHA. A.K
HEAD MISTRESS
S.M.M.A.L.P SCHOOL
PANDIKKAD

# ഉള്ളടക്കം

| SL No | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1. | പാട്ടരങ്ങ് | ജൂൺ – മാർച്ച് |
| 2. | മലയാളം മധുരം | ജൂൺ – മാർച്ച് |
| 3 | സംയുക്ത ഡയറി | ജൂൺ – മാർച്ച് |
| 4 | വായനോത്സവം | ജൂൺ – മാർച്ച് |
| 5 | സചിത്ര പുസ്തകം | ജൂൺ – മാർച്ച് |
| 6 | റീഡേഴ്സ് തീയേറ്റർ | ജൂൺ – മാർച്ച് |
| 7 | രചന പരിചയക്കുറിപ്പ് | ജൂലൈ – മാർച്ച് |
| 8 | രചനോത്സവം | ജൂലൈ - ഫെബ്രുവരി |
| 9 | ക്ലാസ് പത്രം | ആഗസ്റ്റ് മാസം മുതൽ ഓരോന്ന് |
| 10 | പിന്നോക്കാവസ്ഥ പരിഹരിക്കൽ | ലക്ഷ്യം നേടുന്നതുവരെ |
| 11 | വായിക്കാം വളരാം | ജൂൺ – മാർച്ച് |
| 12 | എഴുതാം തെളിയാം | ജൂൺ – മാർച്ച് |
| 13 | കണ്ടറിയാം കേട്ടറിയാം | ആവശ്യാനുസരണം |
| 14 | ഓർക്കാം അഭിമാനിക്കാം | ആവശ്യാനുസരണം |
| 15 | കലക്കൂട്ട് | ഡിസംബർ/ജനുവരി |
| 16 | സർഗോത്സവം | ഫെബ്രുവരി/മാർച്ച് |
| 17 | ഇംഗ്ലീഷ് അസംബ്ലി | ജൂൺ – മാർച്ച് |
| 18 | ഇംഗ്ലീഷ് ഡയറി | ജൂൺ – മാർച്ച് |
| 19 | റീഡേഴ്സ് തീയേറ്റർ | ജൂൺ – മാർച്ച് |

| | | |
|---|---|---|
| 20 | ഇംഗ്ലീഷ് അസംബ്ലി | ജൂൺ - മാർച്ച് |
| 21 | ഇംഗ്ലീഷ് ഡയറി | ജൂൺ - മാർച്ച് |
| 22 | റീഡേഴ്സ് തിയേറ്റർ | ജൂൺ - മാർച്ച് |
| 23 | ഇംഗ്ലീഷ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 24 | ഇംഗ്ലീഷ് മാഗസിൻ | എല്ലാ ടേമിലും ഓരോന്ന് |
| 25 | ഇംഗ്ലീഷ് ഫെസ്റ്റ് | ഒക്ടോബർ |
| 26 | പൊതുധാരണകൾ മെച്ചപ്പെടുത്തുന്ന ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക. | ജൂൺ ആദ്യ 2 ആഴ്ചകളിൽ |
| 27 | പ്രകൃതി നടത്തം | ജൂൺ - ജൂലൈ |
| 28 | പരീക്ഷണോത്സവം | ജൂൺ - ഫെബ്രുവരി |
| 29 | ശാസ്ത്രമൂല | ജൂൺ - മാർച്ച് |
| 30 | ശാസ്ത്രയാത്ര | ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ |
| 31 | ഭൂപടമൊരുക്കാം | ഒക്ടോബർ - നവംബർ |
| 32 | ശാസ്ത്രവിസ്മയ ചുമർ | ജനുവരി - ഫെബ്രുവരി |
| 33 | ശാസ്ത്രമാസിക | മാർച്ച് |
| 34 | ശാസ്ത്രോത്സവം | ജനുവരി - ഫെബ്രുവരി |
| 35 | ഗണിതകേളികൾ | ജൂൺ - മാർച്ച് |
| 36 | ഗണിത കിറ്റ് | ജൂൺ - മാർച്ച് |
| 37 | സംഖ്യാ പാറ്റേൺ | ആഗസ്റ്റ് |
| 38 | പഠനോപകരണ നിർമ്മാണം | ആവശ്യാനുസരണം |
| 39 | പ്രദർശനം | വർഷത്തിലൊന്ന് |

| | | |
|---|---|---|
| 40 | നിർമ്മാണക്കളരി | സെപ്റ്റംബർ - നവംബർ |
| 41 | പ്രവർത്തിപരിചയ മേള | സെപ്റ്റംബർ - നവംബർ |
| 42 | കലാമേള | ഒക്ടോബർ - ഡിസംബർ |
| 43 | കരാട്ടെ പരിശീലനം | ജൂൺ - മാർച്ച് |
| 44 | കബ് പരിശീലനം | ജൂൺ - മാർച്ച് |
| 45 | ഗൃഹ സന്ദർശനം | ജൂൺ - ആഗസ്റ്റ് |
| 46 | വായന ദിനാചരണം | ജൂൺ 19 മുതൽ ഒരാഴ്ച |
| 47 | സ്വാതന്ത്ര്യദിനം | ആഗസ്റ്റ് 15 |
| 48 | റിപ്പബ്ലിക് ദിനം | ജനുവരി 26 |
| 49 | ബാലസഭ | ജൂൺ - മാർച്ച് എല്ലാ വെള്ളിയാഴ്ചകളിലും |
| 50 | പ്രഭാതഭക്ഷണം | ജൂൺ - മാർച്ച് |
| 51 | രക്ഷിതാക്കൾക്ക് ശിൽപശാല | ജൂൺ |
| 52 | വിജയസ്പർശം | ജൂൺ - മാർച്ച് |

# ആമുഖം

എസ്. എം. എം. എ. എൽ. പി സ്കൂളിൽ 2025 - '26 അധ്യയന വർഷം ഒന്നു മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ മുഴുവൻകുട്ടികൾക്കും അക്കാദമികപരമായി പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടി തയ്യാറാക്കിയതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ

ഭാഷാപരമായും ഗണിതപരമായും അടിസ്ഥാനപരവുമായ ധാരാളം പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. ഒപ്പം തന്നെ ഇംഗ്ലീഷ് ഭാഷ വികസനത്തിനും കാര്യമായ പരിഗണന നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ക്ലാസ് പി.ടി.എകൾ ശക്തിപ്പെടുത്തും.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | **മലയാളം** | | |
| വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുകയും അവ ഒറ്റക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു. | പാട്ടരങ്ങ്: പ്രാദേശികമായി തയ്യാറാക്കിയ/ലഭ്യമായ സംഗീത ഉപകരണങ്ങൾ തയ്യാറാക്കി കുട്ടികളുടെ അവതരണം നടത്തുന്നു. Video document ചെയ്യുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനക്ക് അവസരമൊരുക്കുന്നു സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു. | മലയാളം മധുരം: ആത്മ വിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുകയും. ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| സ്വതന്ത്ര രചനശേഷി വികസിപ്പിക്കുക. പരിചയിച്ച അക്ഷരങ്ങൾ പുതിയ രചന സന്ദർഭങ്ങളിൽ നിരന്തര പ്രയോഗിക്കാൻ അവസരം ഒരുക്കാം. | സംയുക്ത ഡയറി: കുട്ടിയോടൊപ്പമിരുന്ന സംയുക്ത ഡയറി എഴുതി പ്രക്രിയ മനസ്സിലാക്കൽ. | ജൂൺ– മാർച്ച് | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുക. കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക. | **വായനോത്സവം:-**<br>· ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ<br>· കഥ വായിക്കൽ<br>· കഥ പറയൽ<br>· വായിച്ചു കേട്ട കഥകൾ ക്ലാസിൽ പങ്കിടൽ<br>· വായിച്ച കഥയിലെ ഇഷ്ടകഥാപാത്രത്തെ ചിത്രീകരിക്കൽ<br>· സ്വതന്ത്രമായ ബാലസാഹിത്യകൃതികൾ രചിക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>PTA |
| | **സചിത്ര പുസ്തകം** | | |
| കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു. മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു. | മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നു. വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ<br>PTA |

| | | | |
|---|---|---|---|
| മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരായി മാറ്റുക. | റീഡേഴ്സ് തിയേറ്റർ:-<br>പാഠപുസ്തകങ്ങളിലെയും ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.<br>ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം ശ്രാവ്യ വായന ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>SRG<br>PTA |
| സ്വതന്ത്ര<br>സ്വന്തമായി കഥകൾ വായിച്ച് ആസ്വദിക്കൽ | രചന പരിചയക്കുറിപ്പ്<br>ലൈബ്രറി പുസ്തകങ്ങൾ വായിച്ച്. കഥയിലെയും കവിതയിലെയും ആസ്വാദ്യകരമായ ഒന്നോ രണ്ടോ കാര്യങ്ങൾ മാത്രം രേഖപ്പെടുത്തി കുറിപ്പുകളാക്കി പ്രദർശിപ്പിക്കുന്നു. | ജൂലൈ - മാർച്ച് | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| എല്ലാ കുട്ടികളും രചന പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു. | **രചനോത്സവം:-**<br>രചന പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ "പഠനതന്ത്രങ്ങൾ" ഉപയോഗപ്പെടുത്തുന്നു. കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂലൈ - ഫെബ്രുവരി | SRG<br>CPTA<br>ക്ലാസ് ടീച്ചർ |
| ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു. | **ക്ലാസ് പത്രം:-**<br>സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശേഖരിച്ച് തെറ്റില്ലാതെ ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു. വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതുന്നു. | ഓഗസ്റ്റ് മാസം മുതൽ ഓരോന്ന് | SRG<br>CPTA<br>ക്ലാസ് ടീച്ചർ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | **പിന്നോക്കാവസ്ഥ പരിഹരിക്കൽ**<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ - ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG<br>ക്ലാസ് ടീച്ചർ<br>BRC |

BRC

| | | | |
|---|---|---|---|
| വായനശേഷി വളർത്തൽ | **വായിക്കാം വളരാം:-**<br>· ക്ലാസ് വായനക്കൂട്ടം<br>· ക്ലാസ് ലൈബ്രറി ഒരുക്കൽ<br>· പുസ്തക പരിചയം<br>· വായനക്കുറിപ്പ്<br>· ആനുകാലിക വായന | ജൂൺ – മാർച്ച് | HM<br>SRG<br>class Teacher<br>CPTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | **എഴുതാം തെളിയാം**<br>· കഥാരചന<br>· കവിതാരചന<br>· സംഭാഷണം | ജൂൺ – മാർച്ച് | SRG<br>CPTA<br>class Teacher |
| അറിവ് ഡോക്യുമെന്ററിക്ലൂടെ നേടൽ (ICT) | **കണ്ടറിയാം കേട്ടറിയാം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ |

| | | | |
|---|---|---|---|
| സാഹിത്യകാരൻമാരുടെ ജന്മ ചരമദിനാചരണങ്ങൾ സംഘടിപ്പിച്ച് അടുത്തറിയൽ | ഓർക്കാം അഭിമാനിക്കാം:<br>- ഓർമ്മ ദിനങ്ങൾ ആചരിക്കൽ<br>- ഡോക്യുമെന്ററി പ്രദർശനം<br>- പുസ്തക പരിചയം<br>- ക്വിസ്<br>- ലഘു പ്രഭാഷണം തയ്യാറാക്കൽ<br>- ജീവിത രേഖ തയ്യാറാക്കൽ<br>- പതിപ്പ് നിർമ്മാണം<br>- പ്രദർശനം | ആവശ്യാനുസരണം | SRG<br>class Teacher<br>CPTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | കലക്കൂട്ട്<br>* പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറിയിലേക്ക്<br>* കലാ അവതരണം<br>* കലകളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചയങ്ങൾ<br>* പ്രദർശനം | ഡിസംബർ/ജനുവരി | HM<br>SRG<br>CPTA<br>class Teacher |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ | സർഗോത്സവം<br>കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | ഫെബ്രുവരി/മാർച്ച് | HM<br>SRG<br>CPTA<br>class Teacher |

| ലക്ഷ്യങ്ങൾ | പഠനപ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| | **ഇംഗ്ലീഷ്** | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും സംസാരിക്കുവാനും എഴുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി:- ആഴ്ച്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി ചേരൽ - അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്. | ജൂൺ - മാർച്ച് | അസംബ്ലി കോർഡിനേറ്റർ |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടുന്നതിന് | ഇംഗ്ലീഷ് ഡയറി നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഡയറിക്കുറിപ്പായി എഴുതുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ |
| സ്വതന്ത്രമായി വായിച്ചാസ്വദിക്കാനുള്ള ശേഷി നേടൽ | റീഡേഴ്സ് തിയേറ്റർ ലൈബ്രറി പുസ്തകങ്ങൾ തിരഞ്ഞെടുത്ത് ഭാവാത്മകമായി വായിക്കൽ | ജൂൺ- മാർച്ച് | ക്ലാസ്ടീച്ചർ |

| | | | |
|---|---|---|---|
| സർഗാത്മക പരിപോഷണം. ഇംഗ്ലീഷ് അനായാസം വായിക്കുവാനും എഴുതുവാനുമുള്ള ശേഷി നേടൽ | **ഇംഗ്ലീഷ് തിയേറ്റർ**<br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ (skit drama, story telling and conversation) | ജൂലൈ-മാർച്ച് | ക്ലാസ് ടീച്ചർ |
| സർഗാത്മക രചനശേഷി വികാസം. | **ഇംഗ്ലീഷ് മാഗസിൻ**<br>മൂന്ന് മാസങ്ങൾ കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | എല്ലാ ടേമിലും ഓരോന്ന് | ക്ലാസ് ടീച്ചർ<br>club കൺവീനർ |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | **ഇംഗ്ലീഷ് ഫെസ്റ്റ്**<br>വായന മത്സരം രചന മത്സരം മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | ഒക്ടോബർ | class Teacher<br>club കൺവീനർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | **പരിസരപഠനം** | | |
| പൊതുധാരണകൾ മെച്ചപ്പെടുത്തുക ഗുണമേന്മവിദ്യാഭ്യാസം ഉറപ്പാക്കുക | - റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ<br>- വ്യക്തി ശുചിത്വം, പരിസരശുചിത്വം<br>- ഹരിതക്യാമ്പസ്, സ്കൂൾസൗന്ദര്യവൽക്കരണം<br>- ആഹാരശീലങ്ങൾ ആരോഗ്യം വ്യായാമം, കായികക്ഷമത<br>- പൊതുമുതൽ സംരക്ഷണം, നിയമബോധം കാലാവസ്ഥ മുൻകരുതൽ | ജൂൺ (ആദ്യ 2 ആഴ്ചക്കുള്ളിൽ) | HM<br>ക്ലാസ് ടീച്ചർ |
| പ്രകൃതിനടത്തം | **പ്രകൃതിനടത്തം** | | |
| നിരീക്ഷണം - അറിവു നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ജൂൺ<br>ജൂലൈ | HM<br>CPTA<br>ക്ലാസ്ടീച്ചർ |

| | | | |
|---|---|---|---|
| അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു. | **പരീക്ഷണോത്സവം**<br>പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് ആവിഷ്കൽപന ചെയ്യുകയും ചെയ്യുന്നു. | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>CPTA<br>SRG |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | **ശാസ്ത്രമേള**<br>ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | HM<br>SRG<br>ക്ലാസ് ടീച്ചർ |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | **ശാസ്ത്രയാത്ര**<br>വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര വേദികൾ പ്രദർശനങ്ങൾ ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ | HM<br>SRG<br>ക്ലാസ് ടീച്ചർ |
| [illegible]<br>ഭൂപടവായന<br>സൂചിക-പരിചയപ്പെടൽ | **ഭൂപടമൊരുക്കാം**<br>ഭൂപടവായന<br>ഭൂപട രചന<br>സൂചിക നിർമ്മാണം | ഒക്ടോബർ<br>നവംബർ | SRG<br>ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | **ശാസ്ത്ര വിസ്മയ ചുവർ**<br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ജനുവരി<br>ഫെബ്രുവരി | HM<br>SRG<br>ക്ലാസ് ടീച്ചർ |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | **ശാസ്ത്ര മാസിക**<br>ശാസ്ത്രമാസികകളുടെ നിർമ്മാണം | മാർച്ച് | HM<br>SRG<br>ക്ലാസ് ടീച്ചർ |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | **ശാസ്ത്രോത്സവം**<br>പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | ജനുവരി<br>ഫെബ്രുവരി | HM<br>~~PT~~<br>SRG<br>ക്ലാസ് ടീച്ചർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ<br>ഗണിതം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിത കളികളിലൂടെ ഗണിതപഠനത്തിൽ താൽപര്യമുണ്ടാക്കുന്നു. യുക്തിബോധം വളർത്തുന്നു. | **ഗണിത കേളികൾ**<br>വ്യത്യസ്തമായ LO ക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.<br>· കൂട്ടുകാരെ കണ്ടെത്താം<br>· പാമ്പും കോണിയും<br>· ഡൈസ് കളി | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന് | **ഗണിത കിറ്റ്**<br>10 ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ, എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കൈയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് |

| | | | |
|---|---|---|---|
| സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പിക്കുക. | <u>സംഖ്യാ പാറ്റേണുകൾ</u><br>· നാണയങ്ങൾ, കളിനോട്ടുകൾ<br>· പാറ്റേണുകൾ<br>· അബാക്കസ് | ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | <u>പഠനോപകരണനിർമ്മാണം</u><br>പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം<br>പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| ഗണിത ശേഷികളുടെ പ്രകടനം | <u>പ്രദർശനം</u><br>പ്രശ്നോത്തരി പസിൽ പാറ്റേൺ<br>പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | **അറബി** | | |
| തെറ്റുകൂടാതെ അറബി വായിക്കുവാനുള്ള കഴിവുണ്ടാകുന്നു. | · അക്ഷരവായന<br>· ചിത്രവായന<br>· വായന മത്സരങ്ങൾ<br>· ലളിതമായ അറബി പുസ്തകങ്ങൾ നൽകൽ<br>· അറബിക്വിസ് | ജൂൺ - മാർച്ച് | അറബിടീച്ചർ |
| അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുന്നു. | · ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>· പ്രത്യേകം പരിശീലനം നൽകുന്നു. | ജൂൺ - മാർച്ച് | അറബി ടീച്ചർ<br>ക്ലബ്കൺവീനർ |
| കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | · കയ്യെഴുത്ത് മത്സരം സംഘടിപ്പിക്കുന്നു.<br>· മാഗസിൻ തയ്യാറാക്കുന്നു. | ഓരോ ടേമിലും | |

| | | | |
|---|---|---|---|
| അറബിക് അസംബ്ലി | - മാസത്തിൽ രണ്ട് തവണ അറബിക് അസംബ്ലി സംഘടിപ്പിക്കുന്നു.<br>- വാർത്തകൾ അറബിയിൽ വായിക്കുന്നു.<br>- ലഘുകുറിപ്പുകൾ വായിക്കുന്നു. | ജൂൺ-മാർച്ച് | ക്ലബ് കൺവീനർ<br>ക്ലബ് അംഗങ്ങൾ |
| അറബിക് ഫെസ്റ്റ് | - അറബിക് ഭാഷാദിനവുമായി ബന്ധപ്പെട്ട്<br>- Full day / Half day അറബിക് ഫെസ്റ്റ്<br>- മികച്ച അറബിക് കലാപ്രകടനം | | |
| ജനപ്രതിനിധികളെ ഇലക്ഷനിലൂടെ തിരഞ്ഞെടുക്കുന്നതിനെ കുറിച്ച് ധാരണ വളർത്തുന്നു. | <u>സ്കൂൾ പാർലമെന്റ്</u><br>സ്കൂൾ ഇലക്ഷൻ നടത്തി സ്കൂൾ ലീഡർ, മറ്റ് വിദ്യാലയ പ്രതിനിധികൾ എന്നിവരെ തിരഞ്ഞെടുക്കുന്നു. | ജൂലൈ | ടീച്ചേഴ്സ്<br>PTA<br>MPTA |

| | | | |
|---|---|---|---|
| വിവിധ നിർമ്മാണശേഷികൾ ആർജ്ജിക്കുന്നതിന് | **നിർമ്മാണങ്ങൾ**<br>പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ.<br>**പ്രവർത്തി പരിചയമേള**<br>കുട്ടികൾ ഉണ്ടാക്കിയ ഉൽപ്പന്നങ്ങളുടെ പ്രദർശനം. | സെപ്റ്റംബർ-നവംബർ | അധ്യാപകർ |
| കുട്ടികളുടെ കലാപരമായ കഴിവ് കണ്ടെത്തൽ | **കലാമേള**<br>വിവിധ കലാപ്രകടനത്തിനുള്ള അവസരം പ്രോത്സാഹനം പരിശീലനം | ഒക്ടോബർ-ഡിസംബർ | അധ്യാപകർ |

| | | | |
|---|---|---|---|
| കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിന് | <u>കരാട്ടെ പരിശീലനം</u><br>താൽപര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നു. | June- March | PTA<br>HM<br>Teachers |
| നേതൃത്വപാടവം വികസിക്കുന്നതിനും അച്ചടക്കം വളർത്തുന്നതിനും | <u>കബ്ബ് പരിശീലനം</u><br>ആഴ്ചയിൽ ഒരു മണിക്കൂർ നേരത്തെ പരിശീലനം നൽകുന്നു. | June-March | Teacher |
| കുട്ടിയെ അറിയൽ | <u>ഗൃഹസന്ദർശനം</u><br>ഓരോ കുട്ടികളേയും അടുത്തറിയാനും കുടിവളരുന്ന ചുറ്റുപാടുകൾ മനസ്സിലാക്കുന്നതിനും വേണ്ടി ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ-ആഗസ്റ്റ് | ക്ലാസ്ടീച്ചർ |

| | | | |
|---|---|---|---|
| വായനയുടെ പ്രാധാന്യം മനസിലാക്കുന്നതിന് | **വായന ദിനാചരണം**<br>ഒരാഴ്ച്ചക്കാലം നീണ്ടു നിൽക്കുന്ന വായനവാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ജൂൺ 19<br>+ one week | PTA<br>HM<br>Teachers<br>വിശിഷ്ടാഥിതി |
| x ഇന്ത്യ എന്ന മഹാരാജ്യം മുൻപ് ഉണ്ടായിരുന്നു.<br>x ദേശസ്നേഹവും ദേശീയബോധവും കുട്ടികളിൽ വളർത്തുന്നതിന്. | **റിപ്പബ്ലിക് ദിനം**<br>* അസംബ്ലി<br>* ദേശഭക്തിഗാനാലാപനം<br>* Documentation<br>* ക്വിസ് മത്സരം | ജനുവരി-26 | PTA<br>Teachers<br>രക്ഷിതാക്കൾ |
| x ദേശസ്നേഹവും ദേശീയബോധവും കുട്ടികളിൽ വളർത്തുന്നതിന്. | **സ്വാതന്ത്ര്യദിനം**<br>* അസംബ്ലി<br>* ദേശഭക്തിഗാനാലാപനം<br>* Documentation<br>* ക്വിസ് മത്സരം | ആഗസ്റ്റ്-15 | PTA<br>Teachers<br>രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| കുട്ടികളുടെ സർഗാത്മക ശേഷികൾ വികസിക്കുന്നതിന് | **ബാലസഭ:**<br>ഓരോ കുട്ടിയും വ്യത്യസ്തനാണ് അവരവരുടെ വ്യത്യസ്തകഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം നൽകൽ. | ജൂൺ – മാർച്ച് എല്ലാ വെള്ളിയാഴ്ചകളിലും | ക്ലാസ് ടീച്ചർ |
| കുട്ടികൾക്ക് ശരിയായ പോഷണം ഉറപ്പു വരുത്തുന്നതിന് | **പ്രഭാതഭക്ഷണം**<br>എല്ലാ കുട്ടികളെയും ഉൾക്കൊള്ളിച്ച് കൊണ്ട് കുട്ടികൾക്ക് വ്യത്യസ്തമായ പ്രഭാതഭക്ഷണം നൽകുന്നു. | ജൂൺ – മാർച്ച് | HM<br>MPTA<br>PTA<br>അധ്യാപകർ |
| പാഠഭാഗങ്ങളും, പഠനവസ്തുക്കളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക | **രക്ഷിതാക്കൾക്ക് ശിൽപശാല**<br>പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ടവിധവും സംയുക്തഡയറി, സചിത്രപുസ്തകം, ഗണിതകിറ്റ്, ശാസ്ത്രകിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു. | ജൂൺ | SRG<br>HM<br>Class Teacher |

| | | | |
|---|---|---|---|
| • എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക<br>• നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക. | <u>വിജയസ്പർശം</u><br>സ്കൂൾ സമയത്തിനു പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ്ങ് നൽകുക | ജനുവരി-മാർച്ച് | ക്ലാസ് ടീച്ചർ<br>SRG |

കുട്ടികളുടെ ഭാഷാപരവും ശാസ്ത്രപരവും, ഗണിതപരവും, മാനസിക ശാരീരിക വികാസം ഉദ്ദേശം വച്ചും ഒരു വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് മുകളിൽ സൂചിപ്പിച്ചത്. ഇവയുടെ ആസൂത്രണം സ്കൂൾ ക്ലാസ് തലങ്ങളിൽ നടത്തുകയും ഓരോ ക്ലാസിനും യോജിച്ചവ രേഖപ്പെടുത്തിയ സമയങ്ങളിൽ ഓരോ വിഷയവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആസൂത്രണം നടത്തുമ്പോൾ വിശദമായി ചർച്ച ചെയ്യുകയും അതിന്റെ ഭാഗമായി പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

സ്കൂളിലെ/ക്ലാസിലെ മുഴുവൻ കുട്ടികളേയും ലക്ഷ്യം വെച്ചുള്ള പ്രവർത്തനമായതിനാൽ എല്ലാവർക്കും അവസരമൊരുക്കുകയും നിലവാരത്തിനനുസരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പൂർത്തീകരണ സമയത്ത് നമ്മൾ ലക്ഷ്യം വെച്ച ശേഷികൾ കഴിവുകൾ കുട്ടികൾക്ക് നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.